I ഇ.ബി. XV- കേരള നിയമസഭ/XI-1

**പതിനഞ്ചാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2024 ജൂൺ 10, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

1(*1) പൊതുവിതരണ ശൃംഖലയിലെ കേന്ദ്ര ഇടപെടൽ

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) നൽകിയ മറുപടിയിൽ, പൊതുവിതരണ ശൃംഖലയിലെ കേന്ദ്ര ഇടപെടൽമൂലം ഭക്ഷ്യധാന്യങ്ങൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് പ്രയാസങ്ങൾ നേരിടുന്നുണ്ടെന്നും ജനങ്ങളെ ബാധിക്കാതിരിക്കാൻ ശക്തമായ നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊണ്ടുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്തെ ജനസംഖ്യയും റേഷൻ കാർഡുകളുടെ എണ്ണവും വർദ്ധിച്ചതനുസരിച്ച് മുൻഗണനാപരിധി വർദ്ധിപ്പിച്ചിട്ടില്ലെന്ന് മാത്രമല്ല, മണ്ണെണ്ണ വിഹിതത്തിൽ ഗണ്യമായ കുറവ് വരുത്തിയും പഞ്ചസാര

സബ്സിഡി എ.എ.വൈ. വിഭാഗത്തിനുമാത്രമായി പരിമിതപ്പെടുത്തിയും പൊതുവിതരണ സമ്പ്രദായത്തെ തകർക്കുന്നതിനുള്ള ശ്രമമാണ് കേന്ദ്രസർക്കാർ നടത്തിവരുന്നത്. Tide-over വിഹിതമായി ലഭിച്ചിരുന്ന ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിച്ച് നൽകണമെന്ന് നിരവധി തവണ കേന്ദ്രത്തോട് അഭ്യർത്ഥിച്ചെങ്കിലും സംസ്ഥാനത്തിന്റെ ആവശ്യം നാളിതുവരെ പരിഗണിച്ചിട്ടില്ലെന്നുമാത്രമല്ല നെല്ലിന്റെ താങ്ങുവില (MSP) ഇനത്തിൽ നൽകേണ്ട 1079.51 കോടി രൂപ കേന്ദ്രസർക്കാർ തടഞ്ഞുവച്ചിരിക്കുകയുമാണ്. Open Market Sales Scheme (OMSS) പദ്ധതി പ്രകാരം FCI-യുടെ ടെണ്ടർ നടപടികളിൽ പങ്കെടുക്കാൻ സംസ്ഥാന ഏജൻസികളെ അനുവദിക്കാത്തതിനുപുറമെ സപ്ലൈകോ, കൺസ്യൂമർഫെഡ് എന്നിവയിലൂടെയുള്ള വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കും കേന്ദ്രസർക്കാരിന്റെ യാതൊരുവിധ സഹായവും ലഭിക്കുന്നില്ല. സംഭരണ-ഗതാഗത ചെലവുകൾ പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ട് മുൻഗണനേതര വിഭാഗങ്ങൾക്കും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കിവരികയും പൊതുവിപണിയിൽനിന്ന് 41-42 രൂപ നിരക്കിൽ വാങ്ങുന്ന അരി സപ്ലൈകോ കെ-റൈസ് എന്ന പേരിൽ 29-30 രൂപാ നിരക്കിൽ വിതരണം ചെയ്തുവരികയുമാണ്. നിത്യോപയോഗ സാധനങ്ങളുടെ

വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അനർഹർ സ്വമേധയാ സറണ്ടർ ചെയ്തതും ഓപ്പറേഷൻ യെല്ലോ ഉൾപ്പെടെയുള്ള പരിശോധനാ നടപടികളിലൂടെ ലഭ്യമായതുമായ മുൻഗണനാ കാർഡുകൾ അർഹരായവർക്ക് യഥാസമയം നൽകിവരുന്നുണ്ട്. തെരുവോരത്ത് താമസിക്കുന്നവർക്ക് ആധാർ കാർഡിന്റെയും വാടകയ്ക്ക് താമസിക്കുന്നവർക്ക് വാടകച്ചീട്ടിന്റെയും അടിസ്ഥാനത്തിൽ റേഷൻ കാർഡുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 459409 പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

2(*2) <u>പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ</u>

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി ഓപ്പറേഷൻ യെല്ലോ, കെ-സ്റ്റോർ, കെ-റൈസ്, സുജലം തുടങ്ങി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെന്നും ഭക്ഷ്യഭദ്രത ഉറപ്പുവരുത്തി ദേശീയ തലത്തിൽ മാതൃക സൃഷ്ടിക്കാൻ ഇതുമൂലം സാധിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പൊതുജനങ്ങൾക്ക് കുറഞ്ഞ

വിലയിൽ നല്ലയിനം അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി ശബരി കെ-റൈസ് എന്ന ബ്രാൻഡിൽ സബ്സിഡി നിരക്കിൽ സപ്ലൈകോ വഴി അരി വിൽപ്പന നടത്തിവരുന്നുണ്ട്. പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും സപ്ലൈകോയിൽ E.R.P (Enterprise Resource Planning) സംവിധാനം നടപ്പിലാക്കാനും റേഷൻ കാർഡുമായി ബന്ധപ്പെട്ട് 99.79% അപേക്ഷകൾ തീർപ്പാക്കാനും തെരുവോരത്ത് കഴിയുന്നവർക്കുൾപ്പെടെ 459409 പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യാനും സാധിച്ചിട്ടുണ്ട്. സംഭരണ-ഗതാഗതമുൾപ്പെടെയുള്ള അനുബന്ധചെലവുകൾ പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ടാണ് മുൻഗണനേതര വിഭാഗങ്ങൾക്ക് ഭക്ഷ്യധാന്യ വിതരണം നിർവ്വഹിക്കുന്നത്. 488 റേഷൻ കടകൾ കെ-സ്റ്റോറുകളായി പ്രവർത്തിച്ചുവരുന്നുണ്ടെന്നും 427 റേഷൻ കടകൾ കെ-സ്റ്റോറുകളാക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണെന്നും ഓണത്തിനുമുമ്പ് 1000 കെ-സ്റ്റോറുകൾ പ്രവർത്തനസജ്ജമാകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

3(*3) <u>സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം</u>

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ

ജോർജ്) നൽകിയ മറുപടിയിൽ, ആർദ്രം ദൗത്യരേഖ, എൻ.എം.സി. എന്നിവയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ ഘട്ടം ഘട്ടമായി പരിഷ്കരിക്കുന്നതിനും ആരോഗ്യ മേഖലയെ ശാക്തീകരിക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നതായി സഭയെ അറിയിച്ചു. ആർദ്രം പദ്ധതി പ്രകാരം ജില്ലാ-താലൂക്കതല ആശുപത്രികളും ബ്ലോക്കതല കുടുംബാരോഗ്യ കേന്ദ്രങ്ങളും സ്ഥാപിക്കുകയും സംസ്ഥാനത്തെ മുഴുവൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്തതിലൂടെ മികവാർന്ന രോഗീ പരിചരണവും ആരോഗ്യ സേവനവും പ്രദാനം ചെയ്യുന്നുണ്ട്. ആരോഗ്യ വകുപ്പിൽ നിലവിലുള്ള 9733 ഡോക്ടർമാർക്കുപുറമേ വിവിധ മെഡിക്കൽ കോളേജുകളിലായി 2961 ജൂനിയർ റസിഡന്റ് ഡോക്ടർമാരും 1255 ഹൗസ് സർജന്മാരും സേവനമനുഷ്ഠിക്കുന്നുണ്ട്. മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലുമായി 54,000-ൽപ്പരം കിടക്കകൾ നിലവിലുണ്ട്. ആരോഗ്യ വകുപ്പിന് കീഴിൽ നാളിതുവരെ 3725-ഉം ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 4641-ഉം തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പി.എസ്.സി-ക്ക് പുറമേ ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം), ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/എച്ച്.ഡി.സി/എച്ച്.ഡി.എസ്, തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ, KASP, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, എന്നിവ മുഖേനയും ആരോഗ്യ പ്രവർത്തകരെ നിയമിക്കുന്നുണ്ട്. ആശാ പ്രവർത്തകരുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതാണെന്നും അവരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനായി ഫീൽഡ് പ്രവർത്തനങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും ആർദ്രം പദ്ധതി പ്രകാരം എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 4(*4) വെറ്ററിനറി സർവകലാശാല വിദ്യാർഥിയുടെ മരണം സംബന്ധിച്ച അന്വേഷണം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, പൂക്കോട് വെറ്ററിനറി സർവകലാശാല വിദ്യാർത്ഥി സിദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട് വൈത്തിരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിൽ സിദ്ധാർത്ഥൻ റാഗിംഗിനും മർദ്ദനത്തിനും ഇരയായതായി കണ്ടെത്തിയതിനെത്തുടർന്ന് വിവിധ വകുപ്പുകൾ ചേർത്ത് അന്വേഷണം വിപുലപ്പെടുത്തുകയും വയനാട് ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിക്കുകയും ആരോപണ വിധേയരായ 20

വിദ്യാർത്ഥികളെയും അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും നിലവിൽ സി.ബി.ഐ. കേസ് അന്വേഷണം നടത്തിവരികയാണെന്നും സഭയെ അറിയിച്ചു. അന്വേഷണം വൈകിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഒന്നുംതന്നെ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിലുണ്ടായ ജാഗ്രതക്കുറവിന്റെ പേരിൽ ആഭ്യന്തര വകുപ്പിലെ മൂന്ന് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്തിരുന്നുവെങ്കിലും ഉദ്യോഗസ്ഥർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. റാഗിംഗിനെതിരെ ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതൽ എടുക്കണമെന്ന് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.